Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon)**

(*a*) Yes.

(*b*) No.

(*c*) No.

Sri. A. K. George: May I know whether Government are aware that this honourable member has got a habit of issuing long statements one after another.

Mr. Speaker: That does not arise.

Sri. A. Thanu Pillai: May I know whether Government will consider the possibility of prosecuting Sri. C. Narayana Pillai?

Sri. Panampilli Govinda Menon: It is not an offence to issue statements.

ഗവണ്മെണ്ടിൻ കീഴിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാർ

* ൪൯ ൫. (൨) ശ്രീ. കോന്നാത്തു കൃഷ്ണൻനായർ രാമചന്ദ്രൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടിൻ കീഴിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാരായ ശിപായിമാർ, വില്ലേജ് മാസപ്പടിക്കാർ മുതലായവർക്ക് മാസാന്തരശമ്പളം എന്താണ്;

(ബി) ഇവർക്ക് മാസത്തിൽ പ്രോവിഡൻറഫണ്ട്, നിർബന്ധ ഇൻഷ്വറൻസു മുതലായവയിലേക്ക് എന്തുവീതം പിടിത്തമുണ്ട്;

(സി) ഇതിനുംപുറമെ കോ-ഓപ്പറേറിവ് സൊസൈറ്റിയിലേക്ക് പിടിത്തമുണ്ടാവുന്നതു സാധാരണയല്ലെ;

(ഡി) ഈ പിടിത്തങ്ങൾ എല്ലാം കഴിഞ്ഞു എന്തു സംഖ്യ മാസത്തിൽ ശമ്പളത്തുകയിലേക്ക്, ഈ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്ക് അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെണ്ടു മനസ്സിലാക്കിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഒരു ശിപായിയുടെയോ മാസപ്പടിയുടെയോ കുറഞ്ഞശമ്പളം പ്രതിമാസം ൨൦ രൂപായും ക്ഷാമബത്ത ൨൦ രൂപായും ആകുന്നു.

(ബി) തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം സർക്കാർ സർവ്വീസിൽ സ്ഥിരപ്പെട്ടുന്നപക്ഷം പ്രോവിഡണ്ടുഫണ്ടിലോ ഇൻഷ്വറൻസിലോ ഏതെങ്കിലും ഒന്നിൽ നിർബന്ധമായി ചേരേണ്ടതാണ്. രണ്ടിലും കുറഞ്ഞ വരിസംഖ്യ പ്രതിമാസം ൫ അണയാണ്. കൊച്ചി ഉദ്യോഗസ്ഥന്മാർ ഇപ്പോൾ നിർബന്ധമായി ഇൻഷ്വറൻസിൽ ചേരേണ്ടതില്ല. എന്നാൽ സംയോജനത്തിനുമുമ്പ് അവർ ഓരോരുത്തരും കുറഞ്ഞതു ൫൦൦ രൂപായെങ്കിലും ഒരു ഇഷ്വറൻസ് പോളിസി എടുത്തിരിക്കണം. അതിനുള്ള വരിസംഖ്യ ഇൻഷ്വർ ചെയ്യുന്ന ആളെയും പല നിബന്ധനകളേയും ആശ്രയിച്ചിരിക്കുന്നതാണ്.

(സി) ഇതു പൊതുവെ എല്ലാവർക്കും ഉണ്ടായിരിക്കുന്ന പിടിത്തമല്ല. കടമെടുത്തിട്ടുള്ളവരെ മാത്രം ബാധിക്കുന്നതാണ്.

(ഡി) ഇതു ഓരോ വ്യക്തിയുടെയും ശമ്പളത്തിൽനിന്നും പലയിനങ്ങളിലായുള്ള പിടിത്തം അനുസരിച്ചിരിക്കും. എന്നാൽ ശമ്പളത്തിന്റെ പകുതിയിൽക്കൂടുതൽ പിടിക്കുവാൻ പാടില്ലാ എന്നു നിയമമുണ്ട്.

ശ്രീ. വി. ഗംഗാധരൻ: ഇതു കൊറിയൻ യുദ്ധത്തിനു മുമ്പുള്ള ഏർപ്പാടല്ലേ?

ശ്രീ. എ. ജെ. ജോൺ: ഇതും കൊറിയൻ യുദ്ധവുമായിട്ടു യാതൊരു ബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly